[ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ പറയുന്നത് എന്താണെന്നു കേൾക്കുന്നതിനു മുമ്പാണ് [ശ്രീ. മാണി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്.

മി. സ്പീക്കർ: ഇങ്ങനെ ആയാൽ എല്ലാപേർക്കും വല്ലതും പറയാൻ കാണും.

[ശ്രീ. കെ. എം. മാണി: അദ്ദേഹത്തിന് സംസാരിക്കാൻ സമയം കൊടുക്കുകയാണെങ്കിൽ ഞങ്ങൾക്കും സമയം തരണം. അങ്ങനെ ഇത്തരം ഡിസ്കഷനിലേയ്ക്കു പോകട്ടെ.

([ശ്രീമതി. കെ. ആർ. ഗൗരി, [ശ്രീമാൻമാർ എ. വി. ആര്യൻ, പി. ഗംഗാധരൻ, ടി. കെ. രാമകൃഷ്ണൻ, ഇ. അഹമ്മദ്, കെ. എം. മാണി മുതലായവർ ഒരുമിച്ചെഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുന്നു.)

മി. സ്പീക്കർ: ദയവായിട്ട് ഇതു തുടർന്നുകൊണ്ടു പോകരുത്. ബഹുമാനപ്പെട്ട രാമകൃഷ്ണന്റെ കൈയിലുള്ള കടലാസും എന്റെ കൈയിൽ തന്നാൽമതി. ഈ വിഷയം എന്റെ സജീവമായ പരിഗണനയിൽ ഇരിക്കുകയാണ്. എല്ലാ ആളുകളെയും വിളിച്ചുചോദിച്ചു. ഇനി ഇക്കാര്യം ഉന്നയിക്കേണ്ട.

[ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇത് വേറെ പല പത്രത്തിലും .....

മി. സ്പീക്കർ: ഇങ്ങനെ ആയാൽ ഓരോരുത്തരും പറഞ്ഞു തുടങ്ങും.

[ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ കാര്യത്തിലുള്ള ചർച്ച അനുവദിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: ഞാൻ ഇനി ഈ കാര്യത്തെപ്പറ്റിയുള്ള ചർച്ച അനുവദിക്കുന്നില്ലെന്നു പറഞ്ഞുകഴിഞ്ഞു. ഇനി ചർച്ച അനുവദിക്കുന്നില്ല.

PAPERS LAID ON THE TABLE

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I lay on the Table a copy of the Notification G. O. (MS) No. 17/70/PW dated January 16, 1970 issued by the Government under sub-section (1) of Section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to the Kerala Engineering Service Rules.

LEGISLATIVE BUSINESS

The Kerala Gaming (Amendment) Bill

Minister for Home and Education (**Shri C. H. Mohammed Koya**): Sir, I present the Report of the Select Committee on the Kerala Gaming (Amendment) Bill, 1969.

Calling attention under Rule 61

Break down of the L. P. School at Edanila

മി. സ്പീക്കർ: ആർഡർ. ആർഡർ. നെടുമങ്ങാട് സബ് ജില്ലയിൽപ്പെട്ട ഇടനില എൽ. പി. സ്കൂളിൽ കഴിഞ്ഞ 23-ാം തീയതി സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കായികമത്സരങ്ങൾ നടക്കുമ്പോൾ ഒരു സംഘം റൗഡികൾ സ്കൂളിനുള്ളിൽ പ്രവേശിക്കുകയും പിഞ്ചു വിദ്യാർത്ഥികളെ

LIBRARY ARCHIVES Kerala Legislative Assembly

യും ഏതാനും അദ്ധ്യാപകൻമാരെയും മർദ്ദിക്കുകയും ചെയ്തതിന്റെ ഫല മായി ഏതാനും അദ്ധ്യാപകരും പതിനഞ്ചോളം വിദ്യാർത്ഥികളും മെഡി ക്കൽകാളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ സംഭവത്തെ സംബന്ധിച്ച് ശ്രീ. വി. ശ്രീധരൻ റൂൾ 49 അനുസരിച്ചും നോട്ടീസ് നൽകിയിട്ടുണ്ട്.

പിഞ്ചുകുഞ്ഞുങ്ങളുടെയും മറ്റും കാര്യമാണ്. ഏതായാലും ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്.

ശ്രീ. വി. ശ്രീധരൻ: സർ, എനിക്ക്.....

മി. സ്പീക്കർ: സംസാരിക്കാൻ അനുവദിക്കുന്നില്ല. ഇന്ന് അപ്രാപ്രാ യേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഇതൊക്കെ പറയാവുന്നതാണ്. വേണ മെങ്കിൽ ശ്രീമാൻ ശ്രീധരന് രണ്ടുമിനിട്ടു തരാം.

വെള്ളായണിക്കായലിലെ പുഞ്ചക്കൃഷി ആരംഭിക്കാൻ താമസിച്ചതു മൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ വെള്ളായണിക്കായൽ പ്രാടശേഖര ക്കമ്മിറ്റി ഉത്തരവാദപ്പെട്ടവരെ തക്കസമയത്ത് അറിയിച്ചിട്ടും യാതൊരു നട പടിയും കൈക്കൊള്ളാത്തതു മൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം ഗവൺ മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രീ. എം. സദാശിവൻ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ഇതും ബന്ധപ്പെട്ട മന്ത്രിയ്ക്ക് മേൽനടപടിക്കായി അയച്ചുകൊടുക്കുക യാണ്.

LEGISLATIVE BUSINESS (*Contd.*)

The Kerala Appropriation (No. 3) Bill, 1970.

Minister for Finance (**Shri N. K. Seshan**): I introduce the Kerala Appropriation (No. 3) Bill, 1970.

Mr. Speaker: The Bill stands introduced.

Shri N. K. Seshan: I move that the Bill be taken into consideration.

Minister for Home and Education (**Shri C. H. Mohammed Koya**): I second it.

ശ്രീ. എൻ. കെ. ശേഷൻ: സർ, 1970–71 ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച അപ്രാപ്രിയേഷൻ ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിനെസംബന്ധിച്ച് ഞാൻ ഇപ്പോഴും കൂടുതലാ യൊന്നും സംസാരിക്കാനാഗ്രഹിക്കുന്നില്ല. ചർച്ചകഴിഞ്ഞുശേഷം മറുപടി പറയേണ്ടതായ കാര്യം വല്ലതും പൊന്തിവരികയാണെങ്കിൽ അവ സംബന്ധിച്ച് ആ സന്ദർഭത്തിൽ ഞാൻ പ്രതിപാദിച്ചുകൊള്ളാമെന്നു മാത്രമേ ഈ ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്നുള്ള എന്റെ പ്രമേയം അവതരിപ്പിച്ചു കൊണ്ട് ഞാൻ പറയുന്നുള്ളൂ.

ശ്രീ. ഇ. വി. കുമാരൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുകയാണ്. കാരണം, രണ്ടുദിവസം മുമ്പ് ബഹു മാനപ്പെട്ട ആഭ്യന്തരമന്ത്രി നിഷ്പക്ഷമായ നീതിനിർവ്വഹണത്തിന്റെ ഒരു ചിത്രം ഇവിടെ വരച്ചുകാട്ടാൻ ശ്രമിക്കുകയുണ്ടായി. നിഷ്പക്ഷമായ

LIBRARY ARCHIVES Kerala Legislative Assembly